# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6795** **04.04.2018-ൽ മറുപടിയ്ക്ക്**

### മത്സ്യ മാർക്കറ്റുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | |
|---|---|
| എ) മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിനും മാർക്കറ്റുകളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ദേശീയ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 39 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും 34 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാല് മാർക്കറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഒരു മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ശുചിത്വം ഉറപ്പാക്കുന്നതിന് ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റും അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത |

ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്‌ലറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

ബി) മത്സ്യം കേട്ടു കൂടാതെ കരയിൽ എത്തിക്കുന്നതിന് മത്സ്യബന്ധന വള്ളങ്ങളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

ബി) പിടിച്ചെടുക്കുന്ന മത്സ്യം കേടുകൂടാതെ ഗുണനിലവാരം ഉറപ്പുവരുത്തി കൈകാര്യം ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുകയും, യാന പരിഷ്കരണവും, മത്സ്യബന്ധന അനുബന്ധ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗുണനിലവാരം ഉറപ്പാക്കി മത്സ്യം കരയ്ക്ക് എത്തിക്കുന്നതിന് 460 ലിറ്റർ കപ്പാസിറ്റിയുള്ള ഇൻസുലേറ്റഡ് ബോക്സുകളും വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ മത്സ്യബന്ധനത്തിന് ആവശ്യമായ അത്യാധുനിക ചൂണ്ടകൾ, കൃത്രിമ ഇര, സിഗ്നൽ ലൈറ്റുകൾ, ജി.പി.എസ്., ലൈഫ് ജാക്കറ്റ് എന്നിവയും നൽകിയിട്ടുണ്ട്.

സി) മൂല്യവർദ്ധിത മത്സ്യ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ, മത്സ്യം ഉണക്കുവാനുള്ള യൂണിറ്റുകൾ. മുതലായവ ആരംഭിക്കുന്നതിനായി എന്തെല്ലാം സഹായമാണ് നിലവിൽ നല്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

സി) നവീന സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ട് മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഉണക്കി വിപണനം നടത്തുന്നതിന് സാഫിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾ അടങ്ങിയ 110 ഗ്രൂപ്പുകൾക്ക് തീരമൈത്രി പദ്ധതിയിലെ മൂല്യവർദ്ധിത മത്സ്യഉത്പന്ന യൂണിറ്റ് മുഖേന ധനസഹായം നൽകി വരുന്നു. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ മേളകൾ വഴിയും, എക്സിബിഷനുകൾ വഴിയും, മൂല്യ വർദ്ധിത ഉത്പന്നങ്ങളുണ്ടാക്കി വിപണനം നടത്തി വരുന്നു. സാഫ് ഡ്രൈഫിഷ് അപ്പെക്സ് ഫെഡറേഷൻ വഴി വിദേശ രാജ്യങ്ങളിലേക്കും എറണാകുളം ജില്ലയിലെ വിവിധ സൂപ്പർ മാർക്കറ്റുകളിലേക്കും ഗുണമേൻമയുള്ള ഉണക്ക മത്സ്യങ്ങൾ വിപണനം ചെയ്യുന്നുണ്ട്.

**സെക്ഷൻ ആഫീസർ**